# ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ

തിരുവനന്തപുരം

22.12.2009

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഇലക്ട്രോണിക്സ് മീഡിയാ ഡിവിഷൻ ഏറെ സന്തോഷത്തോടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു. ഇതോടൊപ്പം പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ ദൃശ്യമാധ്യമങ്ങളിലെ ജേർണലിസ്റ്റുകളെക്കൂടി ഉൾപ്പെടുത്തുന്നതിന്റെ ഉദ്ഘാടനവും നിർവഹിക്കുകയാണ്.

മാധ്യമരംഗത്ത് കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ വമ്പിച്ച മാറ്റമാണുണ്ടായിട്ടുള്ളത്. ലോകമെങ്ങും നടക്കുന്ന സംഭവങ്ങളെ 24 മണിക്കൂറും ജനങ്ങളിൽ എത്തിക്കാനുതകുന്ന തരത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് സംവിധാനമുണ്ടായിരിക്കുന്നു. ഇതനുസരിച്ച് അച്ചടിമാധ്യമങ്ങളും അവയുടെ സമീപനത്തിൽ മാറ്റംവരുത്തി. തലേദിവസം ഇലക്ട്രോണിക് മാധ്യമങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന വിഷയങ്ങളെ പത്രമാധ്യമങ്ങൾക്കും നിലനിർത്തേണ്ടതായി വരുന്നു. ഇതോടുകൂടി വാർത്തകൾ സംവാദങ്ങളുടെയും വിവാദങ്ങളുടെയും പുറകേ പോവുകയും അതിലൂടെ ജനങ്ങൾ അറിയേണ്ടുന്ന  പല കാര്യങ്ങളും അതിന്റെ ഗൗരവത്തിൽ എത്തിക്കാൻ കഴിയാതെ പോകുകയും ചെയ്യുന്നുണ്ട്.

വിവാദങ്ങൾക്കിടയിൽ വികസനോന്മുഖ റിപ്പോർട്ടിങ്ങിന് പ്രാധാന്യം കുറയുന്ന പ്രശ്നമുണ്ട്. ഓരോ പദ്ധതിയും ലക്ഷ്യത്തിലെത്തണമെങ്കിൽ അതിന്റെ ഗുണഭോക്താവിന് ആ പദ്ധതിയെക്കുറിച്ചുള്ള പ്രാഥമിക അറിവെങ്കിലുമുണ്ടാകണം. ആ അറിവ് നൽകുന്നതിൽ

മാധ്യമങ്ങൾക്കും സർക്കാരിനും തുല്യ പങ്കാളിത്തമാണ് വേണ്ടത്. ഔദ്യോഗിക വാർത്തകളും വികസന വാർത്തകളും അപ്പപ്പോൾ മാധ്യമങ്ങൾക്ക് എത്തിക്കേണ്ടത് പബ്ലിക് റിലേഷൻസ് വകുപ്പാണ്. മാധ്യമ സാങ്കേതികരംഗത്തുണ്ടായ കുതിച്ചുചാട്ടത്തിനൊപ്പം വൈവി ധ്യവൽക്കരിക്കാനും ആധുനികവൽക്കരിക്കാനും പി.ആർ.ഡി.ക്ക് കഴി ഞ്ഞില്ലെങ്കിൽ മേൽപ്പറഞ്ഞ ഉദ്ദേശ്യം നടക്കില്ല. അതുകൊണ്ടാണ് കുഞ്ഞികൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ അംഗീകരിച്ച് ഇല ക്ട്രോണിക് മീഡിയാ ഡിവിഷൻ രൂപീകരിച്ചത്.

ദൃശ്യ-വെബ് മാധ്യമങ്ങൾക്ക് വാർത്തകൾക്കൊപ്പം ദൃശ്യങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ടാണ് വികസന വാർത്തകൾ കുറയുന്നതിന്റെ ഒരു കാരണം. ഈ കുറവ് പരിഹരിക്കാൻ പുതിയ സംവിധാനം പ്രയോജനപ്പെടും. വാർത്തകൾക്ക് ദൃശ്യമാധ്യമങ്ങളിൽ 24 മണിക്കൂറും ഇടമുള്ളതിനാൽ ഒരു സംഭവമോ പരിപാടിയോ നടന്നാൽ ഉടനേ അതിന്റെ വാർത്തകളും ദൃശ്യങ്ങളും കേരളത്തിൽ എവിടെനിന്നും ന്യൂഡൽഹിയിൽ നിന്നും ഓൺലൈനായി ചാനലുകൾക്ക് ലഭ്യമാക്കുന്ന സംവിധാനമാണിവിടെ ഒരുക്കുന്നത്.

ഇതോടൊപ്പം കേരളം നേരിടുന്ന മറ്റൊരു പ്രശ്നമുണ്ട്. ചരിത്രരേഖകൾ സൂക്ഷിക്കുന്നതിലെ വീഴ്ചയാണത്. ഈ പിഴവ് പരിഹരിക്കാനായാണ് സംഭവങ്ങൾ, വികസനപ്രവർത്തനങ്ങൾ, സാംസ്കാരിക വൈവിധ്യങ്ങൾ, കേരളീയ ജീവിതം തുടങ്ങിയ കാര്യങ്ങൾ എല്ലാം ഡിജിറ്റൽ ഡോക്യുമെന്റ് ചെയ്യുന്നതിന് സംവിധാ നമുണ്ടാക്കുന്നത്. ഇലക്ട്രോണിക് മീഡിയാ ഡിവിഷന്റെ ഒരു പ്രധാന ചുമതലയായിരിക്കും ഇത്.

ടെലിവിഷൻ പരമ്പരകൾ, വാർത്താധിഷ്ഠിത പരിപാടി, ഡോക്യുമെന്റേഷൻ, പരസ്യം, വെബ്പോർട്ടൽ പരിപാലനം

എന്നിങ്ങനെ അഞ്ച് വിഭാഗങ്ങൾ ഈ ഡിവിഷനു കീഴിൽ പ്രവർത്തനം തുടങ്ങും.

ഇലക്ട്രോണിക് മാധ്യമങ്ങളിലെ വാർത്തകളിൽ ജനപക്ഷ വികസനത്തിനുള്ള പങ്ക് പരമാവധി ഉയർത്തിക്കാട്ടുവാൻ ഈ പുതിയ ഇലക്ട്രോണിക് മാധ്യമ വിഭാഗത്തിന് കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

മാധ്യമപ്രവർത്തകരുടെ ക്ഷേമകാര്യങ്ങളിൽ കഴിയാവുന്ന നടപടികളെല്ലാം സർക്കാർ സ്വീകരിക്കും. ദൃശ്യമാധ്യമ പ്രവർത്തകർക്ക് സേവന-വേതന വ്യവസ്ഥ നിജപ്പെടുത്താൻ കേന്ദ്രസർക്കാർ ഇനിയും തയ്യാറായിട്ടില്ല. എന്നാൽ പത്രപ്രവർത്തകർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ദൃശ്യമാധ്യമപ്രവർത്തകർക്കും ബാധകമാക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടിയെടുത്തു. ഭവന സബ്സിഡി, ചികിത്സാ ഇൻഷുറൻസ് പദ്ധതിക്കുള്ള സഹായം എന്നിവയ്ക്ക് പുറമെ ഇപ്പോൾ പെൻഷൻ പദ്ധതിയിലും ഉൾപ്പെടുത്തുകയാണ്. അച്ചടി ദൃശ്യമാധ്യമങ്ങളിലെ അഞ്ച് വർഷം സർവീസുള്ള എല്ലാ മാധ്യമപ്രവർത്തകർക്കും അക്രഡിറ്റേഷൻ നൽകാനും തീരുമാനിച്ചിട്ടുണ്ട്. പെൻഷൻ പദ്ധതിയിൽ അർഹതപ്പെട്ട എല്ലാവരും ചേരേണ്ടതുണ്ടെന്നുകൂടി ഓർമ്മിപ്പിക്കട്ടെ.

ഔദ്യോഗിക വാർത്താവിതരണരംഗത്ത് പി.ആർ.ഡി.യുടെ ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ ഈ വിഭാഗത്തിൽ രാജ്യത്തിനാകെ മാതൃകയാകുമെന്നും ദൃശ്യ-വെബ് മാധ്യമങ്ങൾ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുമെന്നും പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്ക്കാരം...